"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകുന്നത് - മാർഗ്ഗരേഖ വ്യവസ്ഥകളിൽ കൂട്ടിച്ചേർക്കൽ വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1401/2026/LSGD തീയതി,തിരുവനന്തപുരം, 29-07-2026

---

പരാമർശം:-

1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022.
2. കൊല്ലം ജില്ലയിലെ പേരയം ഗ്രാമപഞ്ചായത്തിൽ 2019-20 വർഷത്തെ പട്ടികജാതി വികസന ഫണ്ട് ചെലവഴിച്ചതിലെ ക്രമക്കേടുകൾ പരിശോധിക്കുന്നതിന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയുടെ 29.06.2021ലെ SC-21/2021 /KLM നമ്പർ റിപ്പോർട്ട്.
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 25.01.2025ലെ LSGD/PD/67246/2023-VIGA3 നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

പട്ടികജാതി/പട്ടികവർഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകുന്നതിന് പ്രോജക്ട് ഏറ്റെടുക്കാൻ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പരാമർശം 1 സബ്സിഡി - ധനസഹായ മാർഗ്ഗരേഖയുടെ ഖണ്ഡിക 7.2.6 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരം ഫർണിച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേനയാണ് വിതരണം ചെയ്യേണ്ടത്. നിർധനരായ കുടുംബങ്ങളിലെ കുട്ടികൾക്ക് മുൻഗണന നൽകണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്.

2. ഒരു വിദ്യാർത്ഥിക്ക് പഠന കാലയളവിൽ ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നൽകാവൂ എന്ന് വ്യവസ്ഥയുണ്ടെങ്കിലും ഒരു കുടുംബത്തിലെ ഒന്നിൽകൂടുതൽ പേർക്ക് ഈ ആനുകൂല്യം അനുവദിക്കുന്നതിന് നിലവിലെ പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ തടസ്സമല്ല. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു കുടുംബത്തിൽ തന്നെ രണ്ടോ അതിലധികമോ കുട്ടികൾക്ക് ആനുകൂല്യം നൽകുന്ന രീതിയിൽ ഈ പദ്ധതി നടപ്പാക്കുന്നതായി പരാമർശം 2 പ്രകാരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അതുമൂലം കൂടുതൽ ഗുണഭോക്താക്കൾക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമാകാത്ത സാഹചര്യം സംജാതമായിട്ടുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാർഗ്ഗരേഖയിൽ സ്പഷ്ടമാക്കിയിട്ടില്ലെങ്കിലും ഒരു കുടുംബത്തിലെ ഒന്നിലേറെ കുട്ടികൾക്ക് സഹായം ലഭിക്കുന്ന സാഹചര്യം ഒഴിവാക്കുംവിധം മുൻഗണനാ മാനദണ്ഡം നിശ്ചയിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർ ജാഗ്രത പാലിക്കേണ്ടിയിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഠനമുറി വിതരണത്തിനായുള്ള പരാമർശിത മാർഗ്ഗരേഖയിലെ ഖണ്ഡിക 7.2.13 പ്രകാരമുള്ള നിർദ്ദേശങ്ങളിൽ, ഒരു വീട്ടിലുള്ള

എല്ലാ കുട്ടികൾക്കും കൂടിയാണ് പഠനമുറി നൽകുന്നതെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സമാനരീതിയിൽ, '*പഠനോപകരണങ്ങളായ മേശയും കസേരയും വിതരണം ചെയ്യുമ്പോൾ മുതിർന്ന ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മുൻഗണന നൽകി അർഹരായ എല്ലാവർക്കും വിതരണം ചെയ്ത ശേഷം മാത്രമേ ക്രമമായി മറ്റ് ക്ലാസുകളിലെ വിദ്യാർത്ഥികളെ പരിഗണിക്കേണ്ടതുള്ളൂ*' എന്ന വ്യവസ്ഥകൂടി പരാമർശം 1 മാർഗ്ഗരേഖയുടെ ഖണ്ഡിക 7.2.6ൽ ഉൾപ്പെടുത്തി ഉത്തരവാകുന്നു.

4. പരാമർശം (1) പ്രകാരമുള്ള മാർഗ്ഗരേഖ മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ വി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
4. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
5. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
6. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്
9. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാ കളക്ടർമാർക്കും
14. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
15. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
16. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
17. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
18. ഡയറക്ടർ ജനറൽ, കില
19. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
20. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
21. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
22. ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ജനറൽ) വകുപ്പ്
23. തദ്ദേശ സ്വയംഭരണ (ഇ.ആർ.ബി) വകുപ്പ് (ERB3/7/2022-LSGD)
24. വിജിലൻസ് (ഡി) വകുപ്പ് (VIG-D3/300/2021-VIG)
25. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Digitally signed by
Viraj K
Date: 29-07-2026
16:35:49
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്